STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.424/PR/SPMC/PHQ/2021 Date :20.09.2021

## പ്രവർത്തനമികവിന് 'ബാഡ്ജ് ഓഫ് ഓണർ' പുരസ്കാരങ്ങൾ വിതരണം ചെയ്തു

വിവിധ മേഖലകളിൽ മികവ് തെളിയിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ബാഡ്ജ് ഓഫ് ഓണർ പുരസ്കാരങ്ങൾ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് വിതരണം ചെയ്തു. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ചടങ്ങിലാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തത്. മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും പുരസ്ക്കാരം നേടിയ ഉദ്യോഗസ്ഥരുടെ കുടുംബാംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

വിവിധ മേഖലകളിൽ പ്രവർത്തനമികവുകാട്ടിയ 286 പോലീസ് ഉദ്യോഗസ്ഥരാണ് 2020 ലെ ബാഡ്ജ് ഓഫ് ഓണർ ബഹുമതികൾക്ക് അർഹരായത്. സായുധസേനാവിഭാഗത്തിലെ 54 ഉദ്യോഗസ്ഥർക്ക് കമന്റേഷൻ ഡിസ്കും സമ്മാനിച്ചു. മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് 25 പേർ പോലീസ് മേധാവിയുടെ കമന്റേഷൻ സർട്ടിഫിക്കറ്റിനും അർഹരായി.

കുറ്റാന്വേഷണമേഖലയിലെ മികവിന് 138 പേർക്കും ഇന്റലിജൻസ് മേഖലയിലെ മികവിന് 22 പേർക്കും ക്രമസമാധാനപാലനത്തിന് 11 പേർക്കും പരിശീലനമികവിന് എട്ടു പേർക്കും ബാഡ്ജ് ഓഫ് ഓണർ ലഭിച്ചു. ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ 14 പേരും ആന്റിഹ്യൂമൻ ട്രാഫിക്കിംഗ് വിഭാഗത്തിലെ നാല് പേരും സോഷ്യൽ പൊലീസിങ്, ബറ്റാലിയൻ ഭരണം, മോട്ടോർ വെഹിക്കിൾ എന്നീ വിഭാഗത്തിലെ 24 പേരും ആദരവിന് അർഹരായി. ട്രാഫിക് വിഭാഗത്തിലെ ആറ് പേരും വനിതാ പോലീസിലെ രണ്ട് പേരും മൗണ്ടഡ് പോലീസ്, ഡോഗ്സ്ക്വാഡ്, പോലീസ് ബാന്റ്, ഓർക്കസ്ട്ര വിഭാഗങ്ങളിലെ 13 പേർക്കും ബാഡ്ജ് ഓഫ് ഓണർ ലഭിച്ചു. പോലീസ് അഡ്മിനിസ്ട്രേഷൻ, ഓഫീസ് അഡ്മിനിസ്ട്രേഷൻ, ഡാറ്റാ മെയിന്റൻസ് എന്നീ വിഭാഗങ്ങളിൽ 26 പേർ പുരസ്കാരത്തിന് അർഹരായി. ഫോറൻസിക് വകുപ്പിലെ മൂന്ന് പേരും ഫിംഗർ പ്രിന്റിലെ മൂന്ന് പേരും മറ്റ് വിഭാഗങ്ങളിൽനിന്ന് 13 പേരും തിരഞ്ഞെടുക്കപ്പെട്ടു.

വിവിധ മേഖലകളിലെ മികവുറ്റ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഐ.ജി ഗോപേഷ് അഗർവാൾ, ഡി.ഐ.ജി മാരായ കെ.സേതുരാമൻ, കെ.പി.ഫിലിപ്പ്, എസ്.ശ്യാംസുന്ദർ, എ.വി. ജോർജ്, എസ്.പിമാരായ ആർ.നിശാന്തിനി, ടി. നാരായണൻ, ഹരിശങ്കർ, ജയ്ദേവ്. ജി, സുജിത് ദാസ്. എസ്, ശിൽപ.ഡി, വൈഭവ് സക്സേന, ഐശ്വര്യ ഡോംഗ്രെ, ആനന്ദ്.ആർ, വിവേക്

കുമാർ, അഡീഷണൽ എസ്.പിമാരായ രാജൻ.എൻ, എസ്.മധുസൂദനൻ, വി.കെ.അബ്ദുൾ ഖാദർ എന്നിവർ ബാഡ്ജ് ഓഫ് ഓണർ ബഹുമതി സ്വീകരിച്ചു.

<u>ഫോട്ടോക്യാപ്ഷൻ</u> : പ്രവർത്തനമികവിനുള്ള 2020 ലെ ബാഡ്ജ് ഓഫ് ഓണർ പുരസ്കാരം സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തിൽ നിന്ന് ഐ.ജി ഗോപേഷ് അഗർവാൾ, ഡി.ഐ.ജിമാരായ കെ.സേതുരാമൻ, കെ.പി.ഫിലിപ്, എസ്.ശ്യാംസുന്ദർ, എ.വി. ജോർജ് എന്നിവർ ഏറ്റുവാങ്ങുന്നു.

***************************************